**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം. പിൻ- 695035

ഫോൺ: 0471-2302490

ഫാക്സ്: 0471-2303025/20303080

ഇ-മെയിൽ: dhskerala@gmail.com

വെബ്സൈറ്റ്: www.dhs.kerala.gov.in


എം.എസ്.എ**2/84665/2017** തീയതി: 09/10/2017.

പ്രേഷകൻ:

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/പത്തനംതിട്ട/കോട്ടയം/ഇടുക്കി/
എറണാകുളം/തൃശ്ശൂർ/കോഴിക്കോട്/പാലക്കാട്/മലപ്പുറം/ കണ്ണൂർ/
വയനാട്/ കാസർഗോഡ്.

സർ,

വിഷയം:- ആ.വ.ഡ - **ആർദ്രം പദ്ധതി** നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് **2017-18** സാമ്പത്തിക വർഷത്തേയ്ക്ക് അവശ്യ മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- കത്ത് നം. **KMSCL/DRG/ED/568/2017** തീയതി 19.8.2017

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തിയും സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചും പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി വിപുലപ്പെടുത്തിയുള്ള ആർദ്രം പദ്ധതിനടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ **170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കുകയും**, കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ ഇൻ പേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ 30% ത്തിന്റെയെങ്കിലും വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽ സാഹചര്യത്തിൽ ആർദ്രം പദ്ധതിയ്ക്കാവശ്യമായ മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളുടേയും ലഭ്യത ടി സ്ഥാപനങ്ങളിൽ അടിയന്തിരമായി ഉറപ്പാക്കേണ്ടതുണ്ട്. അതിനായി ഓരോ ജില്ലയിലും ആർദ്രം പദ്ധതി നടപ്പിലാക്കുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകളുടെ അധിക ഇൻഡന്റിന്റെ (**വാർഷിക ഇൻഡന്റിൽ ആവശ്യപ്പെട്ട മരുന്നുകളുടെ 25% ത്തിനുള്ളിൽ നിൽക്കുന്ന രീതിയിൽ**) സ്ഥാപനം തിരിച്ചുള്ള ക്രോഡീകരിച്ച പട്ടിക (ഹാർഡ് കോപ്പിയും സോഫ്റ്റ് കോപ്പിയും) **25/10/2017** -ന് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**(2017-18 ലെ വാർഷിക ഇൻഡന്റ് സമർപ്പിച്ച പട്ടികയിൽ തന്നെയായിരിക്കണം അധിക ഇൻഡന്റ് സമർപ്പിക്കേണ്ടത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു)**

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.